# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024 സെപ്തംബർ 1


ഏലിയാ സ്ലീവ മൂശെ രണ്ടാം ഞായർ, എട്ട് നോമ്പ് ആരംഭം




# പ്രവാചകന്റെ വഴി

**നിയമ 18:14 – 22; പ്രഭാ 48:1 – 11; ഹെബ്രാ 11: 23 – 29; മത്താ 17: 9 – 13**

എല്ലാ പ്രവാചകന്മാരും മിഡിൽ ഈസ്റ്റിലെ മരുഭൂമി രാജ്യങ്ങ ളിൽ നിന്നാണ് വരുന്നതെന്ന് എപ്പോഴും കളിയായി മേനി പറയുന്ന ഒരു ഈജിപ്ഷ്യൻ കോപ്റ്റിക് സുഹൃത്തുണ്ട്. ഒരു ദിവസം ഇങ്ങനെ മറുപടി കൊടുത്തു. “അതല്ലെങ്കിലും അങ്ങനെയാണല്ലോ, നിങ്ങളെ നേരായ വഴിയ്ക്ക് നടത്തിക്കഴിഞ്ഞാൽ തമ്പുരാന്റെ അധ്വാനം പകുതി കഴിഞ്ഞെന്നു അങ്ങേർക്കറിയാം” എന്ന്. ഒരു നിറഞ്ഞ ചിരിയിൽ സംഭാഷണം അങ്ങനെ അവസാനിയ്ക്കുന്നു.

## പ്രവാചകന്മാരുടെ വാഴ്വ്

അത്യുന്നതന്റെ പ്രവാചകന്മാർ എന്നാണ് വിശുദ്ധഗ്രന്ഥം പ്രവാചകരെ അഭിസംബോധന ചെയ്യുന്നത്. യോഹന്നാൻ സ്നാപകനെ കണ്ടയുടൻ അപ്പനായ സഖറിയ വാചാലനാകുന്നുണ്ട്, “നീയോ കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകൻ എന്ന് വിളിക്കപ്പെടും. കർത്താവിന് വഴിയൊരുക്കുവാൻ നീ അവിടുത്തെ മുമ്പേപോകും. അത് അവിടുത്തെ ജനത്തിന് പാപമോചനം വഴിയുള്ള രക്ഷയെക്കുറിച്ച് അറിവ് കൊടുക്കാനും നമ്മുടെ ദൈവത്തിന്റെ കാരുണ്യാതിരേകം കൊണ്ട് ഉയരത്തിൽ നി ന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗ്ഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടിയാണ്.” വചനം തുടരുന്നു: “ശിശു വളർന്നു, ആത്മാവിൽ ശക്തിപ്പെട്ടു. ഇസ്രായേലിന് വെളിപ്പെടുന്നത് വരെ അവൻ മരുഭൂമിയിലായിരുന്നു”. (ലൂക്കാ1:76–80) സ്നാപകന്റെ ജീവിത നാൾവഴിയായിരുന്നു പിതാവായ സഖറിയ പ്രവചന സ്വഭാവത്തിൽ കോറിയിട്ടത്. സൂര്യന്റെ വരവിന് മുമ്പ് മാനത്ത് തെളിയുന്ന പ്രഭാതതാരം പോലെ, ശുക്രനക്ഷത്രം പോലെയായിരുന്നു സ്നാപകൻ. പ്രഭാതഭേരി പോലെ; പുലരിയുടെ കാഹളമായി ഒരു പ്രവാചകൻ.




**സന്തോഷ് ചുങ്കത്ത്**

വരാനിരിയ്ക്കുന്നവന്റെ വിളംബരമായി ജനതകളെ പ്രകാശത്തിന്റെ വരവിനായി ഒരുക്കാൻ വന്ന ദൈവത്തിന്റെ കാഹളധ്വനി. സൂര്യനിൽ നിന്നാണ് ശുക്രൻ വെളിച്ചം നേടുന്നത്.

"അവനെ നോക്കിയവരെല്ലാം പ്രകാശിതരായി" (സങ്കീർത്തനം 34:5) നോക്കുക എന്നുള്ളതാണ് പരമപ്രധാനം. നോക്കിയാൽ എന്ത് അത്ഭുതമാണുണ്ടാകുക? നമ്മൾ പ്രകാശിതരാകും! പ്രപഞ്ചത്തിൽ തന്നെ അതിന് ദൃഷ്ടാന്തമുണ്ടല്ലോ. സൂര്യനെ നോക്കുക, നിനക്ക് ചന്ദ്ര നാകാൻ പറ്റും, അല്ലെങ്കിൽ ഒരു മിന്നാമിനുങ്ങെങ്കിലും. കുറഞ്ഞപക്ഷം ഒരു സൂര്യകാന്തിയെങ്കിലും ആവുക.

ക്രിസ്തുവിന്റെ രൂപാന്തരീ കരണത്തിന് തൊട്ട് ശേഷമുള്ള വചനഭാഗമാണ് വി.മത്തായിയുടെ സുവിശേഷം 17-ാം അദ്ധ്യായം 9 മുതൽ 13 വരെയുള്ള വാക്യങ്ങൾ. മലയിറങ്ങുകയാണ് ക്രിസ്തുവും ശിഷ്യന്മാരും. സ്വർഗ്ഗീയ മഹത്വത്തിന്റെ അനർഘ നിമിഷങ്ങൾക്ക് ശേഷമുള്ള മലയിറക്കം. ശിഷ്യപ്രമുഖർക്ക് ആ മഹനീയമായ അനു ഭവത്തിൽ നിന്നും താഴെയിറങ്ങാൻ ഒട്ടും മനസ്സ് വരുന്നില്ല എന്നുള്ള താണ് സത്യം. എങ്കിലും അവൻ അവരെ താഴേയ്ക്ക് കൊണ്ട് പോരികയാണ്. മഹത്വത്തിന്റെ, പ്രൌഢിയുടെ ഇടങ്ങളിൽ നിന്ന് താഴോട്ട് പോരാൻ ആരാണ് ആഗ്രഹി ക്കുക? പക്ഷെ ക്രിസ്തു അവരെ ജീവിത യാഥാർഥ്യങ്ങളുടെ താഴ്വരയിലേയ്ക്ക് വിളിയ്ക്കുന്നു. വിളനിലങ്ങൾ താഴ്വരകളിലാണ്. വിളവുണ്ടാക്കുക എന്നതാണ് കർഷകന്റെ നിയോഗം. അടയാള ങ്ങളുടെയും ദർശനങ്ങളുടെയും അത്ഭുതങ്ങളുടെയും മേനിപറച്ചിലുകൾ വിശ്വാസജീവിതങ്ങളെ വല്ലാതെ ആകർഷിക്കുകയും അതിൽ മാത്രം ശ്രദ്ധയൂന്നി ക്രിസ്തുവിന്റെ സഹനപാ തയെ മറക്കുകയും ചെയ്യുന്ന നവാത്മീയ അപകടത്തെ കേരളസഭ അഭിമുഖീകരിച്ചുക്കൊ ണ്ടിരിക്കുന്ന വർത്തമാനകാലത്താണ് ക്രിസ്തു എന്നോടും നിന്നോടും ആവശ്യ പ്പെടുന്നത്, 'വരൂ നമുക്ക് താഴേക്ക് ഇറങ്ങാം' എന്ന്. താഴെ അധ്വാനവും വിയർപ്പുമുണ്ട്. കണ്ണീരും കണ്ണീരിൽ കുതിർന്ന പുഞ്ചിരിയു മുണ്ട്. നോക്കൂ, വചനം പറയുന്നു: "ദൈവരാജ്യം എന്നത് ഭക്ഷണവും പാനീയവുമല്ല, അത് നീതിയും സമാധാനവും, പരിശുദ്ധാത്മാവിലുള്ള സന്തോഷ വുമാണ്." നിരന്തരം നടപ്പായിക്കിട്ടുന്ന ആവശ്യങ്ങളും യാചനകളും സുഭിക്ഷതയും മാത്രമാണ് ദൈവ രാജ്യം എന്ന് പഠിപ്പിക്കുന്നതും തെറ്റായ ആത്മീയതയാണ് എന്ന് പറയാനും നമ്മൾ മടിക്കാതിരിക്കണം. ദുഃഖത്തിന്റെ പാനപാത്രം ലഭിക്കു മ്പോഴും, അവൻ തന്നെ അടി ക്കുമ്പോഴുമെല്ലാം ഹല്ലേലൂയ പാടാനുള്ള മനോധൈര്യവും ദൈവ സ്നേഹവും കൊച്ചുകുഞ്ഞുപദേശിക്ക് മാത്രമല്ല നമുക്കും ലഭിക്കണം. പ്രവാചകനാകാനുള്ള വിളി നമുക്കോ രോരുത്തർക്കും ഉണ്ടെന്ന് മറക്കാതിരി ക്കുക. രാജസദസ്സിലാണെങ്കിലും സധൈര്യം പറയണം: ആ മനുഷ്യൻ നീ തന്നെ എന്ന്. നാഥാൻ പ്രവാച കന്റേതാണ് പ്രതിധ്വനികൾ ഏറെയുള്ള ആ ഉറച്ച ശബ്ദം.

## എല്ലാം പുന:സ്ഥാപിയ്ക്കാൻ ഏലിയ വരണം

എന്തുകൊണ്ട് ഏലിയ? പ്രമുഖരായ മറ്റ് പ്രവാചകരെ പോലെ ബൈബിളിൽ ഏലിയ പ്രവാചകന്റെ തായി പുസ്തകങ്ങൾ നമ്മൾ കാണില്ല. സാമുവേൽ പ്രവാചകനും, എശയ്യായും, ജെറെമിയായും ദാനിയേലുമൊക്കെ എഴുത്തു കാർ കൂടിയായ പ്രവാചക ന്മാരാണ്. ഇസ്രായേൽ, പിതാവായ ദൈവ ത്തിൽ നിന്നും മനസും ശ്രദ്ധയും തിരിച്ച് ബാലിനെയും അഷേരയെ പോലെയുള്ള ഉപദൈവ ങ്ങളെയും ആരാധിക്കാൻ പോയ കാലഘട്ടത്തിലാണ്, കൊടുങ്കാറ്റ് പോലെ ഏലിയ പ്രവാചകൻ കടന്നുവരുന്നത്. രാജാക്കന്മാരുടെ പുസ്തകത്തിൽ വിവരിക്കുന്ന എലിയാ പ്രവാചകൻ ശക്തനും ധീരനുമായി രുന്നു. ആഹാബ് രാജാവിന്റെ ദുഷ്ചെയ്തികളെയും കാലഘട്ടത്തിന്റെ തിന്മകളേയും ഭയരഹിതനായി എതിർത്തു. ജെസബേൽ രാജ്ഞി യുടെ അഭീഷ്ടമനുസരിച്ച് രാജ്യഭരണത്തെ ദുരുപയോഗം ചെയ്ത ആഹാബിനോട് നേർക്കുനേർ നിന്ന് ഏലിയ കലഹിക്കുന്നുണ്ട്. "ഞാൻ സേവിക്കുന്ന ഇസ്രായേലിന്റെ ദൈവമായ കർത്താവാണെ, വരും കൊല്ലങ്ങളിൽ ഞാൻ പറഞ്ഞല്ലാതെ മഞ്ഞോ മഴയോ പെയ്യുകയില്ല" (1 രാജാക്കന്മാർ 17:1)

## ആകാശം അടച്ചുകളഞ്ഞു ഏലിയ!

ഒരു തുള്ളി മഞ്ഞുപോലും വീഴാനിടയില്ലാത്ത വരണ്ട ഊഷര ഭൂമിയായി ഇസ്രായേലിനെ മാറ്റുമെന്ന് അത്യുന്നതന്റെ പ്രവാചകനായ ഏലിയ ദൈവനാമത്തിൽ പ്രവചിച്ചു. അത് അതുപോലെ തന്നെ സംഭവിച്ചു.

യാക്കോബിന്റെ ലേഖനം 5:17 ഇപ്രകാരം പറയുന്നു: ഏലിയാ നമ്മെ പോലൊരു മനുഷ്യനായിരുന്നു. എന്നാൽ .അവന്റെ പ്രാർത്ഥന സ്വർഗ്ഗത്തെ അടക്കുകയും തുറക്കുകയും ചെയ്തു. എപ്പോഴൊക്കെ സത്യത്തിൽ നിന്നും നീതിയിൽ നിന്നും മനുഷ്യൻ വ്യതിചലിച്ചുവോ അപ്പോഴൊക്കെ അവൻ തന്റെ ജനത്തിന് മുന്നറിയിപ്പായി പ്രവാചക ന്മാരെ അയച്ചു.

തന്റെ പ്രവാചകനെ രാജകോപത്തിൽ നിന്നും വരൾച്ചയിൽ നിന്നും രക്ഷിക്കാൻ ദൈവം അവനോട് വിജനതയിലേക്ക് പോകുവാൻ ആവശ്യപ്പെട്ടു. പ്രവാചകന് സമയാ സമയങ്ങളിൽ ഭക്ഷണം നൽകാൻ ദൈവം കാക്കകളെ നിയോഗിച്ചു! ശിഷ്യനായ എലിഷായുമായി സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ, ആഗ്നെയാശ്വങ്ങളെ പൂട്ടിയ ആഗ്നെയരഥങ്ങളിൽ എലിയാ ചുഴലിക്കാറ്റിന്റെ അകമ്പടിയോടെ ഉടലോടെ സ്വർഗ്ഗത്തിലേയ്ക്ക് കരേറ്റപ്പെട്ടു. രാജാക്കന്മാരുടെ ഒന്നാം പുസ്തകം 17-ാം അദ്ധ്യായം മുതൽ രാജാക്കന്മാരുടെ രണ്ടാം പുസ് തകം 2-ാം അദ്ധ്യായം വരെ വീശിയടിക്കുന്ന കൊടുംകാറ്റിന്റെ പേരാണ് ഏലിയ. പ്രഭാഷകൻ ആശ്ചര്യപ്പെടുന്നത് പോലെ: "ഏലിയാ, അത്ഭുത പ്രവർത്തികളിൽ നീ എത്ര മഹത്വമുള്ള വൻ! അത്തരം പ്രവർത്തികളുടെ പേരിൽ അഭിമാനിയ്ക്കാൻ കഴിയുന്നവർ മാറ്റാരുണ്ട്" (പ്രഭാഷകൻ 48:4)

അങ്ങനെയുള്ള ഏലിയായുടെ രണ്ടാം വരവ് പ്രതീക്ഷയോടെ കാത്തിരുന്ന ജനതയാണ് ഇസ്രായേൽ. മിശിഹായുടെ വരവിന് മുമ്പ് കാഹളമായി വരാനിരിക്കുന്നവൻ ഏലിയായാണ്. അതിനും ഒരു കാര ണമുണ്ട്.

മലാക്കി പ്രവാചകന്റെ പുസ്തകം 4-ാം അദ്ധ്യായം 5-6 വാക്യങ്ങൾ: "കർത്താവിന്റെ മഹത്തും ഭീതിജനകവുമായ ദിവസം വരുന്നതിനു മുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ ദേശത്തേക്ക് അയയ്ക്കും. ഞാൻ വന്ന് ദേശത്തെ ശാപംകൊണ്ട് നശിപ്പിക്കാതിരിക്കാനായി അവൻ പിതാക്കന്മാരുടെ ഹൃദയം മക്കളിലേക്കും മക്കളുടെ ഹൃദയം പിതാക്കന്മാരിലേക്കും തിരിക്കും".

മൂന്നാം അധ്യായത്തിൽ ഇങ്ങനെ നമ്മൾ കാണുന്നു: "ഇതാ എനിയ്ക്ക് മുൻപേ വഴിയൊരുക്കാൻ ഞാൻ എന്റെ ദൂതനെ അയക്കുന്നു" ഇസ്രായേൽ എന്തുക്കൊണ്ടാണ് എലിയാ പ്രവാചകനെ കാത്തിരുന്ന തെന്ന് ഇതിനാൽ തന്നെ സ്പഷ്ടമാണല്ലോ. മാത്രവുമല്ല, ക്രിസ്തുവിന്റെ രൂപാന്തരീകരണ വേളയിലെല്ലാം മോശയോടൊപ്പം ഏലിയായും സന്നിഹിതനായിരുന്നു. അതേ ഏലിയായാണ് സ്നാപകനെന്നും ഇസ്രായേലിന്റെ മിശിഹാ താനാണ് എന്നും ക്രിസ്തു അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്ന വചനഭാഗമാണ് ഇന്നത്തെ നമ്മുടെ ചിന്താവിഷയമാകുന്നത്. മത്തായി ശ്ലീഹ, യഹൂദരെ ലക്ഷ്യമാക്കി എഴുതിയ പ്രവചനങ്ങളുടെ പൂർത്തീകരണമായ മിശിഹാ എന്ന രക്ഷാകര സന്ദേശത്തിന്റെ കാതലാണ് ഈ വചനഭാഗം.

സ്നാപകനോ, തന്റെ പിറകെ വരുന്നവന്റെ ചെരുപ്പിന്റെ വാറഴിക്കാൻ യോഗ്യതയില്ലാത്തവനായി സ്വയം വിലയിരുത്തി. അത്യുന്ന തന്റെ പ്രിയപുത്രനായി വഴിയൊരുക്കുവാൻ മരുഭൂമിയിൽ വിളിച്ചു പറയുന്ന സ്വരമായി സ്വയം തിരിച്ചറിഞ്ഞു. അവനിലെക്ക് അനേകരെ നയിക്കാനുള്ള പാതയായും അവന്റെ പാതയിൽ പാദുകമായും സ്വയം കണക്കാക്കി. അതേ യോഹന്നാനെ കുറിച്ച് ക്രിസ്തു പറയുന്നു: "കത്തിജ്വലിച്ചിരുന്ന ഒരു വിളക്കായിരുന്നു അവൻ. അവന്റെ പ്രകാശത്തിൽ അൽപനേരം ആഹ്ലാദിക്കാൻ നിങ്ങൾ ഒരുക്കമായിരുന്നു" (യോഹന്നാൻ 5:35). എങ്കിലും യോഹന്നാൻ ഒരു അടയാളവും പ്രവർത്തിച്ചില്ല (യോഹന്നാൻ 10:41) ആദ്യത്തെ ഏലിയ അത്ഭുതപ്രവർത്തികളാൽ വിസ്മയമായി മാറുമ്പോൾ രണ്ടാം ഏലിയയായ സ്നാപകൻ അടയാളങ്ങൾക്ക് മുഖം തിരിഞ്ഞു നിൽക്കുന്നു. ലഘുവായ ഭക്ഷണങ്ങളിൽ നിന്നും ഗുരുവായതിലേക്ക് നമ്മൾ മാറേണ്ടുന്നതുണ്ടെന്നുള്ള മുന്നറിയിപ്പും അടയാളങ്ങൾക്ക് പിറകെ ഓടുന്നവർക്ക് ഒരു സൂചനയും താക്കീതുമാണ് സ്നാപകൻ എന്നും നമുക്ക് മറക്കാതിരിക്കാം.

## വിശ്വാസം: വിലയും സമ്മാനവും

ഹെബ്രായർക്കുള്ള ലേഖനത്തിൽ (ഹെബ്രാ 11:23-29) വിശ്വാസ ത്തിന്റെ വിലയും ത്യാഗവും പ്രതിഫലവും എന്താണെന്ന് നമ്മെ പഠിപ്പിക്കുന്നുണ്ട്. തനിക്ക് സംലഭ്യമായിരുന്ന രാജപുത്രസ്ഥാനം വെടിഞ്ഞാണ് മോശ ഇസ്രായേൽ ജനത്തിന്റെ മോചകനാകാൻ മരുഭൂമിയിലേക്ക് ഇറങ്ങിവരുന്നത്; ലഭിക്കുമായിരുന്ന സകല ആഡംബരങ്ങളും ഒഴിവാക്കി ദൈവത്തോടും സ്വസമൂഹത്തോടും തങ്ങളോട് തന്നെയും നിരന്തരം മറുതലിച്ചു കൊണ്ടിരുന്ന ഒരു സമൂഹത്തെ നയിക്കുക എന്ന ഏറെക്കുറെ ആത്മഹത്യാപരമായ ദൈവീക ദൌത്യത്തിനോട് മോശ ആമേൻ പറയുന്നത്. നീണ്ട അലച്ചിലിന്റെയും കരച്ചിലിന്റെയും പിറുപിറുക്കലുകളുടെയും കഠിനയാത്രയിൽ ഉലയാത്ത അംശവടിയും എരിയാത്ത മുൾപടർപ്പും സീനായ് മലയിലെ ദൈവീകാനുഭവവും മോശയെ ധൈര്യപ്പെടുത്തുന്നുണ്ട്. ഈ പാടുപീഢകൾക്ക് ഒടുവിൽ, വാഗ്ദാന നാട്ടിൽ പ്രവേശിക്കാനുള്ള അനുഗ്രഹംപോലും എന്നാൽ മോശയ്ക്ക് നിഷേധിക്കപ്പെടുന്നു. ദൂരെ നിന്നൊരു മങ്ങിയ കാഴ്ച! അതാണ് ആ ദൈവദാസന് ലഭിച്ച ദാക്ഷിണ്യം. ദൈവത്തിന്റെ പ്രവാചകന്മാർക്ക് പട്ടുമെത്തയും പൂക്കൾ വിരിച്ച വഴിയുമൊന്നും കാത്തിരിക്കുന്നില്ല എന്ന് സാരം. കാക്ക നൽകുന്ന ഭക്ഷണവും അലച്ചിലും പലായനങ്ങളും, സിംഹക്കുഴിയും, പൊട്ടക്കിണറും, മർദ്ദനവും അവഹേളനവും നിന്ദനങ്ങളും ഒക്കെത്തന്നെയാണ് വരവേൽക്കുക. എങ്കിലും അവൻ നമ്മെ ഒറ്റക്കാക്കില്ല, കൂടെ നടക്കാൻ ഒരു അഹറോനെയോ, എലിഷായെയോ തരും... തന്റെ അധ്വാനം വൃഥാവിലായില്ലെന്നു ആശ്വസിച്ച് നിത്യതയിലേക്ക് മടങ്ങാൻ ശക്തനായ ജോഷ്വായെയും നൽകും.

ഇവിടെയാണ്, ഈ ജീവിതത്തേ വിശ്വാസം കൊണ്ട് നേരിടണ മെന്ന ജീവിതപാഠം പ്രസക്തമാകുന്നത്. സഹനങ്ങളുടെ തീച്ചൂളയിലൂടെ കടന്നുപോകുമ്പോഴും പ്രത്യാശയുടെ പടവ് നമുക്ക് കാണാനാവണം. ദൈവരാജ്യമെന്നത് ഭക്ഷണവും പാനീയവും ജീവിതത്തിന്റെ സമസ്താഭിലാഷപൂർണ്ണതയുമാണെന്നു വഴിതെറ്റിക്കുന്ന ഉടമ്പടി പത്രികകളിൽ നിന്ന് വിശ്വാസ ജീവിതത്തെ തിരിച്ചു പിടിക്കാൻ നമുക്ക് സാധിക്കണം. കാരണം ക്രിസ്ത്യാനിയുടെ ജീവിതം സാർഥ കമാകുന്നത് കുരിശിലാണ്. കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ. അല്ലാത്തപക്ഷം നമ്മെ കടന്നുപോയ വിശുദ്ധജന്മങ്ങളെല്ലാം പാഴായിപോയ ജീവിതങ്ങളായി വരും തലമുറ വിലയിരുത്താനിടയുണ്ട്. അനുഗ്രങ്ങൾക്ക് പുറംതിരിഞ്ഞ് നിൽക്കണമെന്നല്ല, അടയാളങ്ങളിലും അത്ഭുതങ്ങളിലും മാത്രം തളച്ചിടപ്പെട്ട് സഹനങ്ങളിൽ നിന്ന് പലായനം ചെയ്യുന്ന ഭീരുത്വത്തിന്റെ ആത്മാവിനെയല്ല നമ്മൾ സ്വീകരിച്ചിരിക്കുന്നതെന്ന ഒരോർമ്മപ്പെടുത്തൽ കൂടിയാണ് ഈ വചനം എന്ന് സാരം.

പ്രവാചകന്റേത് കടുപ്പമുള്ള വഴിയാണ്. അഭിഷേകം ചെയ്യപ്പെട്ടവന്റെ കാസ കണ്ണീരുപ്പ് കലർന്നതുമാണ്. എങ്കിലും നിന്റെ ഒരു സഹനവും കണ്ണുനീർതുള്ളിയും പാടുപീഡയും വൃഥാവിലാകില്ല എന്ന ഗുരുവചനത്തിൽ മനസുറപ്പിച്ച് ദൈവജനത്തിന് മുൻപേ നടക്കാനും പ്രവാചകമുദ്ര ഹൃദയത്തിൽ ഏറ്റുവാങ്ങിയ ജീവിതങ്ങളെ ആശ്വസിപ്പിക്കാനും കൂടിയാണ് ഈ വചനഭാഗം നമുക്ക് നല്കപ്പെട്ടിരിക്കുന്ന തെന്ന് കൃതജ്ഞതയോടെ ഓർക്കാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com